7

# എങ്ങനെ മൂവായിരം പേർ രക്ഷിക്കപ്പെട്ടു!

# (2:37- 41, 47)

പെന്തെകൊസ്തുനാളിൽ, അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവു കൊണ്ട് സ്നാനപ്പെട്ടപ്പോഴും, പത്രൊസ് ആദ്യമായി സുവിശേഷം നിറവോടെ പ്രസംഗിച്ചപ്പോഴും ഉണ്ടായ ആവേശം നാം കഴിഞ്ഞ രണ്ടു പാഠങ്ങളിൽ കാണുകയുണ്ടായി. പ്രവൃത്തി 2 ലെ, നമ്മുടെ പഠനം നാം തുടരുമ്പോൾ അന്നു ആ അവസരത്തിൽ സ്നാനമേറ്റ മൂവായിരം യെഹൂദന്മാരുടെ പരിവർത്തനത്തിൽ നമുക്കു ശ്രദ്ധ ചെലുത്താം.

പത്രൊസിന്റെ പ്രസംഗഫലമായിരുന്നു അവരുടെ പരിവർത്തനം എന്നു നാം നമ്മുടെ കഴിഞ്ഞ പാഠത്തിൽ മനസിലാക്കി. പൗലൊസ് പറഞ്ഞു, "വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തു [വിന്റെ[1]] വചനത്താലും വരുന്നു" (റോമർ 10:17). ഒരാൾ രക്ഷിക്കപ്പെടണമെങ്കിൽ, അയാൾ ക്രിസ്തുവിന്റെ വചനം കേൾക്കണം![2] പത്രൊസിന്റെ വാക്കുകൾ നമ്മുടെ കാതുകളിൽ പതിക്കുന്നതായിട്ട് നമ്മുടെ പാഠം നാം അവസാനിപ്പിച്ചു: "ആകയാൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും – ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" (2:36). പത്രൊസിന്റെ കേൾവിക്കാർ ഇതു കേട്ടപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു?

### ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് (2:37)

യേശുവിനെകുറിച്ചുള്ള ശക്തമായ പ്രസംഗം പത്രൊസ് അവസാനിച്ചപ്പോൾ, ഒരു വലിയ നിശബ്ദത ഉണ്ടായി കാണുമെന്ന് ഞാൻ ഊഹിക്കുന്നു. അതിനുശേഷം ദുഃഖത്തോടെ ഒരു ശബ്ദം കേൾവിക്കാരിൽ നിന്നുയർന്നു. "ഇതു കേട്ടിട്ടു,[3] അവർ ഹൃദയത്തിൽ കുത്തുകൊണ്ടു,[4] പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടു, 'സഹോദന്മാരായ, പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു?'" (വാക്യം 37).[5] പത്രൊസ് യേശുവിനെ കുറിച്ചു പറഞ്ഞതു അവർ വിശ്വസിച്ചിരുന്നില്ലെങ്കിൽ, അവർ ഈ രീതിയിൽ പ്രതികരിക്കുമായിരുന്നില്ല. രക്ഷക്കു വിശ്വാസം അത്യാവശ്യമാണ് (യോഹന്നാൻ 8:24).

യേശു തന്നെ ക്രിസ്തു എന്നു വിശ്വസിച്ചുകൊണ്ട്, അവർ നില വിളിച്ചു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" അവരുടെ ചോദ്യത്തിലെ വേദന പൂർണ്ണമായി അനുമോദിക്കാൻ നമുക്കു കഴിയില്ല. അവരുടെ ആയുഷ്ക്കാലം മുഴുവൻ മശിഹയെ കാത്തിരിക്കയായിരുന്നു. ഓരോ പ്രാർത്ഥനയിലും, പള്ളിയിലെ ശുശ്രൂഷകളിലും, പെരുനാളിൽ മശി ഹായ്ക്കുവേണ്ടിയുള്ള ദേശീയമായ കാത്തിരിപ്പ്; അവനായിരുന്നു അവ രുടെ രക്ഷയും ഏക പ്രത്യാശയും! പത്രൊസ് തന്റെ പാഠത്തിന്റെ ഉച്ചാ സ്ഥായിയിൽ എത്തിയപ്പോൾ, സത്യം അവരെ തട്ടി – മശിഹ *വന്നു കഴിഞ്ഞു*! അവർ അവനെ തള്ളിക്കളയുകമാത്രമായിരുന്നില്ല, എന്നാൽ *അവർ അവനെ ക്രൂശിൽ തറെപ്പിച്ചു!* പത്രോസിന്റെ കേൾവിക്കാർ ഈ കുറ്റം തിരിച്ചറിഞ്ഞപ്പോൾ അതു അവരെ തകർത്തുകളഞ്ഞു. അവർ പാപങ്ങളുടെ പാപം ചെയ്തുപോയി! ആഘോഷദിനം ദുഃഖദി നമായി തീർന്നു. അതുകൊണ്ട് അവർ നിലവിളിച്ചു, "സഹോദന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" അവരുടെ ഭാവി പ്രത്യാശ രഹിതമായിരുന്നോ?

### ക്രിസ്തുവിനെ വിശ്വസിച്ചുകൊണ്ട് (2:38-41)

യെഹൂദന്മാർ തിരിച്ചറിഞ്ഞ അവരുടെ കുറ്റത്തെ നമുക്കു മുഴുവൻ മനസിലാക്കാൻ കഴിയാത്തതുപോലെ തന്നെ, അവരുടെ ചോദ്യത്തിനു പത്രോസ് മറുപടി പറഞ്ഞപ്പോൾ അവർക്കുണ്ടായ ആശ്വാസത്തെയും മുഴുവൻ മനസിലാക്കാൻ നമുക്കു കഴിയുകയില്ല: "നിങ്ങൾ മാനസാ ന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി; ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശു ദ്ധാത്മാവു എന്ന ദാനം ലഭിക്കും" (2:38). അവർക്ക് ഒരു പ്രത്യാശ*യു ണ്ടായിരുന്നു*! അവർ മശിഹയെ ക്രൂശിൽ തറെച്ചുവെങ്കിലും അവർക്കു പാപമോചനം ഉണ്ടാ*യിരുന്നു*! പാപമോചന നിബന്ധന ആർക്കും കയ്യെ ത്താത്ത ദൂരത്തായിരുന്നില്ല; എല്ലാവർക്കും മാനസാന്തരപ്പെട്ടു സ്നാന പ്പെടാമായിരുന്നു. "നിങ്ങൾ മാനസാന്തരപ്പെട്ടാൽ നിങ്ങൾ യേശുവിനെ ക്രൂശിച്ച പാപം മോചിക്കപ്പെടും" എന്നല്ല പത്രോസ് പറഞ്ഞത്; മറിച്ച്, ബഹുവചനമാണ് അവൻ ഉപയോഗിച്ചത് "പാപങ്ങൾ." അവർ പത്രോ സിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചാൽ അവരുടെ ജീവിതത്തിലെ *എല്ലാ* പാപങ്ങളും, അകൃത്യങ്ങളും അവരെ കെടുത്തിയ അസംഖ്യം തെറ്റു കളും മോചിക്കാനുള്ള ദൈവകൃപ വിപുലമാക്കിയിരിക്കുന്നു!

പത്രൊസിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ അസാദ്ധ്യമായിരു ന്നില്ല, അതേസമയം എളുപ്പമായിരുന്നില്ല എന്നു ഊന്നി പറയട്ടെ. അവ രുടെ ജീവിതത്തിൽ മൗലികമായ ഒരു 180–ഡിഗ്രി യിൽ കുറഞ്ഞ മാറ്റ മായിരുന്നില്ല പത്രോസ് സംസാരിച്ചത്: അവർ അവരുടെ പാപവഴിയിൽ നിന്നു തിരിഞ്ഞു ഒരു പുതിയ ജീവ വഴിയിലേക്കു മാറേണ്ടിരുന്നു, മോശെയെ അനുഗമിക്കുന്നതു വിട്ടു ക്രിസ്തുവിനെ അനുഗമിക്കേണ്ടി യിരുന്നു! ക്രിസ്തുവിനായി ഒരു *സമർപ്പണം* എടുത്താൽ അവരുടെ ശേഷമുള്ള ജീവിതത്തിൽ അതു സ്വാധീനിക്കുമെന്നായിരുന്നു പത്രോസ് പറഞ്ഞതു!

പത്രൊസ് അവരോടു “മാനസാന്തരപ്പെടുക” എന്നാണ് ആദ്യം പറഞ്ഞതു. “മാനസാന്തരം” എന്ന വാക്ക് നമുക്കു കിട്ടിയിരിക്കുന്നത് സംയുക്ത ഗ്രീക്കു വാക്കിൽനിന്നാണ് അർത്ഥം “ഒരാളുടെ മനസുമാറ്റുക, മനോഭാവം മാറ്റുക എന്നാണ്.”[7] മനുഷ്യരെ സംബന്ധിച്ചായതു കൊണ്ടു, സാധാരണ അർത്ഥം “*പാപത്തെ* കുറിച്ചുള്ള മനസുമാറ്റമാണ്” – പാപം ചെയ്യുന്നതു നിർത്തുവാൻ നിർത്തുവാൻ തീരുമാനക്കിയും വ്യത്യസ്തമായി ജീവിക്കാൻ തുടങ്ങുകയും ചെയ്യുക. അതു ദൈവ ഹിതപ്രകാരമുള്ള ദുഃഖത്താൽ വരുന്നു (2 കൊരിന്ത്യർ 7:10). നാം പാപത്തെ കാണുമ്പോൾ അതു ദൈവം കാണുമെന്നും ഭയങ്കരമാണ് പാപമെന്നും തിരിച്ചറിയുക. (പാപത്തെകുറിച്ചു *ദുഃഖിച്ചാൽ* മാത്രം അതു മാനസാന്തരമാകുകയില്ല എന്നു ഓർക്കുക. പത്രൊസിന്റെ “കേൾവിക്കാരുടെ ഹൃദയത്തിൽകുത്തുകൊണ്ടു” – അവർ വ്യക്തമായും അവരുടെതെറ്റിനെക്കുറിച്ചു അവർക്കു ദുഃഖമുണ്ടായിരുന്നു – *എങ്കിലും* പത്രൊസ് അവരോടു “മാനസാന്തരപ്പെടുവാൻ” പറഞ്ഞു.) വാസ്തവത്തിലുള്ള മാനസാന്തരം *ജീവിത*മാറ്റം വരുത്തും. പൗലോസ് ജാതികളോടു പറഞ്ഞു “മാനസാന്തരപ്പെടുകയും ദൈവത്തിങ്കലേക്കു തിരിയുകയും, മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം” (26:20; എംഫസിസ്മൈൻ). പുതിയജീവിതരീതി ആവശ്യപ്പെടുന്നതുകൊണ്ടാണ് മാനസാന്തരം ബുദ്ധിമുട്ടായി തോന്നുന്നത്!

അടുത്തതായി, പത്രൊസ് അവരോടു പറഞ്ഞതു “സ്നാനമേല്കുവിൻ” എന്നാണ്. “സ്നാനപ്പെടുക” എന്നതിന്റെ അക്ഷരീകമായ അർത്ഥം “നിമജ്ഞനം” എന്നാണ്. ഈ സന്ദർഭത്തിലെ, അർത്ഥം “വെള്ളത്തിൽ മുങ്ങൽ എന്നാണ്.”[8] പത്രൊസിന്റെ കേൾവിക്കാർക്കു വെള്ളത്തിൽ സ്നാനം പുതിയതായിരുന്നില്ല. ആഘോഷപരമായ കഴുകൽ അവർക്കു പരിചയമുണ്ടായിരുന്നു.[9] കൂടാതെ, കുറച്ചു വർഷങ്ങൾക്കു മുൻപു യോഹന്നാൻ സ്നാപകൻ യോർദ്ദാൻ നദിയിൽ[10] സ്നാനം കഴിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കി മറിച്ചതും അവർക്കും പരിചയമുണ്ടായിരുന്നു. എങ്കിലും, പത്രൊസിന്റെ കല്പനയിൽ പല പുതിയ ആശയങ്ങളും ഉണ്ടായിരുന്നു; ആദ്യമായി, അവർ “യേശുവിന്റെ നാമത്തിൽ ആയിരുന്നു” സ്നാനം ഏല്ക്കേണ്ടിയിരുന്നത് (പത്രൊസ് “യേശു” എന്ന പേരിനോടു “ക്രിസ്തു”[11] എന്ന പേർ യോജിപ്പിച്ചു നിർത്തി). “*പേർ* വഹിക്കുന്നവന്നു *പേരിന്റെ* എല്ലാ പ്രധാന്യവുമുണ്ട്”[12] – അവന്റെ ശക്തിയും വ്യക്തിയും പേർ വഹിക്കുന്നു.[13] അക്ഷരികമായി, “അവർ യേശുവിന്റെ നാമ*ത്തിൽ*സ്നാനമേല്ക്കേണ്ടിയിരുന്നു.”[14] ഇതിനർത്ഥം അവർ യേശുവിനെ കർത്താവും ക്രിസ്തുവുമായി സ്വീകരിക്കേണ്ടിയിരുന്നു.

“യേശുവിന്റെ നാമത്തിൽ” എന്ന പദപ്രയോഗം സൂചിപ്പിക്കുന്നതു അവർ സ്നാനമേല്ക്കുന്നതിനുമുൻപു, അവരുടെ യേശുവിലുള്ള വിശ്വാസം അവർ സമ്മതിക്കണമായിരുന്നു.[15] മുൻപു യോവേലിന്റെ പ്രവചനം ഉദ്ധരിച്ചു പത്രൊസ് “കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ [അല്ലെങ്കിൽ, വിളിക്കുന്നവർ[16]] ഏവരും രക്ഷിക്കപ്പെടും എന്നു പറഞ്ഞിരുന്നു” (വാക്യം 21). എ.എ. ബ്രൂസ് സൂചിപ്പിച്ചു

"സ്നാനപ്പെടുത്തിയതു 'യേശുക്രിസ്തുവിന്റെ നാമത്തിലായിരുന്നു' എന്നതു - അവന്റെ അധികാരത്തിൽ നടത്തി എന്നു മാത്രമല്ല, സ്നാനാർത്ഥി, അവന്റെ പേർ ഏറ്റു പറയുകയും ചെയ്തിരുന്നു (22:16)"[17] വേറൊരു കമന്റേറ്റർ, പറഞ്ഞു, യേശുവിന്റെ "നാമത്തിൽ" "സ്നാന മേല്ക്കുക എന്നതു സ്നാനപ്പെടുന്ന വ്യക്തി യേശുവുമായി ബന്ധപ്പെടുന്നു, അതു യേശുവിനെ കർത്താവു എന്നു ഏറ്റു പറയുന്നതിന്റെ തെളിവാണ്."[1] പത്രോസിന്റെ കേൾവിക്കാർ യേശുക്രിസ്തുവിന്റെ നാമ "ത്തിൽ" അല്ലെങ്കിൽ "ന്മേൽ" സ്നാനമേറ്റപ്പോൾ അവർ അവന്നു സമർപ്പിക്കപ്പെട്ടു![19]

പത്രോസ് കല്പിച്ച സ്നാനത്തിന്റെ രണ്ടാമത്തെ വ്യത്യാസം "പരിശുദ്ധാത്മദാന" മായിരുന്നു. "പരിശുദ്ധാത്മദാനം" പൊതുവായ പ്രയോഗമാണ്. അതിന്നു പല തരത്തിലുള്ള അർത്ഥങ്ങളുമുണ്ട്. അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവിനെ "ദൈവത്തിന്റെ ദാനം" എന്നു വിളിച്ചിരുന്നു (8:20). പ്രവൃ ത്തി 10:45-ലെ[20] പരിശുദ്ധാത്മ സ്നാനത്തെ, "പരിശുദ്ധാത്മദാനം" എന്നു പറഞ്ഞിരുന്നു. ദൈവവിശ്വാസിയരായ മറ്റു ഉപദേഷ്ടാക്കന്മാർക്കും അത്ഭുതവരങ്ങളാകുന്ന "പരിശുദ്ധാത്മവരങ്ങൾ" ലഭിച്ചിരുന്നു (എബ്രായർ 2:4). അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ലഭിച്ച അത്ഭുത കഴിവിനെ ആത്മിയ "വരങ്ങൾ" എന്നറിയപ്പെട്ടിരുന്നു (1 കൊരിന്ത്യർ 12:4, 9, 28, 30, 31; റോമർ 12:6).

പ്രവൃത്തി 2:38-ൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മ സ്നാനം, പിന്നെ, എന്താണ്? മൂലഭാഷയിലും, ഇംഗ്ലീഷിലും, പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഒന്നുകിൽ "പരിശുദ്ധാത്മാവിനാൽ നല്കുന്ന ദാനം" അഥവാ "പരിശുദ്ധാത്മാവ് അഥവാ പരിശുദ്ധാത്മാവിന്റേതായ ദാനം" എന്നാണ്. സന്ദർഭമാണ് അർത്ഥം വ്യക്തമാക്കുന്നത്. പ്രവൃത്തി 2:38 ലെ, പെട്ടെന്നും ദൈർഘ്യവുമായ സന്ദർഭം ശ്രദ്ധിച്ചാൽ താഴെ കൊടുത്തിരിക്കുന്നവ മനസിലാക്കാം: (1) വെള്ളത്തിൽ സ്നാനമേല്ക്കുന്ന എല്ലാവർക്കും സർവ്വദേശീയമായി ലഭിക്കുന്ന ദാനമാണിത്, പരിശുദ്ധാത്മാ സ്നാനമോ, അപ്പൊസ്തലന്മാരുടെ കൈവെപ്പേ സാർവ്വദേശീയമായിരുന്നില്ല. അതുകൊണ്ട് ഈ ദാനം അവരോടല്ല എന്നു സ്പഷ്ടം. (2) ഇതു അത്ഭുതകരമായ വരവുമല്ല. അന്നു മൂവായിരം പേർക്കു പരിശുദ്ധാത്മാവു എന്ന ദാനം ലഭിച്ചു എങ്കിലും വർഷങ്ങളോളം അപ്പൊസ്തലന്മാർ മാത്രമായിരുന്നു കൈവെച്ചു അത്ഭുതങ്ങൾ ചെയ്യുവാനുള്ള വരം കൊടുത്തിരുന്നത്.[21] അതുകൊണ്ട്, ഈ വാക്യത്തിൽ, പറയുന്നതു "പരിശുദ്ധാത്മാവിന്റെ അത്ഭുതവരങ്ങളും ധബഹുവചനംപ അല്ല." (3) ഈ ദാനം പാപമോചനമെന്ന ദൈനവുമായിരുന്നില്ല (അല്ലെങ്കിൽ രക്ഷ), പാപമോചനം എന്ന ദാനത്തിനു പുറമെയാണ് പരിശുദ്ധാത്മാവു എന്ന ദാനം (2:38). (4) "പുതുക്കലിന്റെ സമയവുമായി" ബന്ധപ്പെട്ടതാണ് ഈ ദാനം (പ്രവൃത്തി 2:38ഉം 3:19 ഓരോരാവശത്തുവെച്ച് നാം പിന്നീട് നോക്കാം). (5) "തന്നെ അനുസരിക്കുന്നവർക്കു" ദൈവം നല്കുന്ന പരിശുദ്ധാത്മാവിനെകുറിച്ചു ഏതാനും അദ്ധ്യായങ്ങൾക്കുശേഷം, പത്രൊസ് പറയുന്നുണ്ട് (5:32). പരിശുദ്ധാത്മാവു തന്നെ ഒരു ദാന

മാകാൻ സാദ്ധ്യതയുണ്ട്. (6) പുതിയ നിയമത്തിൽ ശേഷിച്ചഭാഗത്ത്, എല്ലാ ക്രിസ്ത്യാനികളിലും ("വസിക്കുന്നതിനു") പരിശുദ്ധാത്മാവു ലഭിക്കുമെന്നു പറയുന്നുണ്ട്. അതു അവർ ദൈവമക്കളാണെന്നു ഉറപ്പിക്കുന്നതിനും ലോകത്തെ ജയിക്കുവാൻ സഹായിക്കേണ്ടതുമാണ് (റോമർ 8:9, 13, 16, 17, 26; 1 കൊരിന്ത്യർ 6:19, 20; ഗലാത്യർ 4:6, 7; എഫെസ്യർ 1:13, 14). ഈ തെളിവു നാം പരിഗണിക്കുമ്പോൾ, എ.എ. ബ്രൂസിനോടൊപ്പം നാം തീർച്ചപ്പെടുത്തുന്നത്, "പരിശുദ്ധാത്മാവ് എന്ന ഭാഗം പരിശുദ്ധാത്മാവുതന്നെയാണ് എന്നത്രേ, ഉയിർത്തെഴുന്നേറ്റ കർത്താവു പിതാവിന്റെ അധികാരത്താൽ നല്കിയതാണ്."[22]

ഈ അവസരത്തിൽ പത്രോസിന്റെ കേൾവിക്കാർ ഇതെന്താണ് അർത്ഥമാക്കിയത്? ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവിന്റെ ഉപദേശത്തെ പഴയനിയമത്തിൽ സൂചിപ്പിച്ചിട്ടുണ്ട്, എന്നാൽ വ്യക്തമായി നിർവ്വചിച്ചിട്ടില്ല.[23] പത്രോസ് യോവേലിനെ ഉദ്ധരിച്ചപ്പോൾ അവൻ "എന്റെ ആത്മാവ്"എന്നാണ് ഉപയോഗിച്ചത് (2:17, 18; എംഫസിസ്മൈൻ), അത്, *ദൈവത്തിന്റെ* ആത്മാവാണ്. പത്രോസ് വാക്യം 33ലും 38ലും "പരിശുദ്ധാത്മാവ്" എന്ന് ഉപയോഗിച്ചപ്പോൾ, അവന്റെ കേൾവിക്കാർ ദൈവികത്വത്തിൽ നിന്നും വേറിട്ട ഒന്നായിട്ട് മനസ്സിലാക്കാൻ ഇടയില്ല, എന്നാൽ ദൈവത്തിന്റെ തന്നെ ആത്മാവായിട്ടാണ്.[24] മറ്റൊരുവിധത്തിൽ, പത്രോസിന്റെ വാക്കുകൾ അവർ അർത്ഥമാക്കിയത്, അവർ സ്നാനമേറ്റപ്പോൾ ദൈവം വ്യക്തിപരമായി അവരിലേക്ക് വരുന്നു എന്നാണ്. വാഗ്ദാനത്തിൽ അടങ്ങിയിരിക്കുന്ന എല്ലാം അവർക്ക് അറിയാൻ കഴിഞ്ഞിരിക്കില്ല, അവരെ സന്തോഷിപ്പിച്ച വാക്കുകൾ ഊഹിക്കാകൻ പ്രയാസമാണ്. അവർക്ക് വിട്ടു പോകാൻ കഴിയാഞ്ഞത് അവർ മശിഹയെ ക്രൂശിച്ചതു കൊണ്ടായിരിക്കും, മാനസാന്തരപ്പെടുകയും സ്നാമേല്ക്കുകയും ചെയ്യുന്നവരോട് കൂടെഉണ്ടാകും – ഒരു വിധത്തിൽ അവൻ തന്റെ ജനത്തോടുകൂടെ ഒരിക്കലും ഇങ്ങനെയായിരുന്നില്ല!

പത്രോസ് തന്റെ കേൾവിക്കാർക്കു മുൻപിൽ ഒരു തിരഞ്ഞെടുപ്പ് വെച്ചു: അവർക്കു തുടർന്നും യേശു മശിഹ എന്നതു നിഷേധിച്ചു അവനെ അനുസരിക്കാതിരിക്കാം. ഇങ്ങനെയായിരുന്നു അവരുടെ തീരുമാനമെങ്കിൽ, അവരുടെ ചിന്തിക്കാൻ പറ്റാത്ത പാപങ്ങൾ ദൈവം ക്ഷമിക്കാതെ അവന്റെ മുഖം അവരിൽ നിന്നു ദൈവം തിരിച്ചുകളയും. മറിച്ചു, അവർ മാനസാന്തരപ്പെട്ടു യേശുവിങ്കലേക്കു തിരിഞ്ഞു, വെള്ളത്തിൽ സ്നാനപ്പെട്ടു ജീവിതം അവന്നായി സമർപ്പിക്കുവാൻ കഴിയുമായിരുന്നു. അവർ ഇതു ചെയ്താൽ, അവരുടെ സകല പാപവും ക്ഷമിക്കയും ദൈവം അവരോടു വീണ്ടും വസിക്കയും ചെയ്യും.

ഈ ദൈവകൃപ സ്വീകരിക്കുവാൻ പത്രോസ് അവരോടു അപേക്ഷിച്ചു: "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും, നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദുരസ്ഥന്മാരായ, ഏവർക്കും ഇതല്ലോ എന്നു പറഞ്ഞു"[25] (2:39). "വാഗ്ദത്തം" എന്നതു ദൈവപ്രസാദവും അനുബന്ധഅനുഗ്രഹങ്ങളും സൂചിപ്പിക്കുന്നു. വാഗ്ദത്തത്തെ വിപുലമാക്കി *തുടർച്ചയായി* നല്കുന്നതാണ് "നിങ്ങ

ളുടെ മക്കൾക്കും" "ദുരസ്ഥന്മരായ ഏവർക്കും."[26] ഇതു സൂചിപ്പിക്കുന്നതു വാഗ്ദത്തത്തിന്റെ *സാർവ്വദേശീയ സ്വഭാവമാണ്* അതെ*ല്ലാവർക്കും* ഉള്ളതാണ്. (പക്ഷേ പത്രോസിനു ഇതു മുഴുവനായി മനസിലാക്കുവാൻ അത്ഭുതം ആവശ്യമായി വന്നു.[27])

"മറ്റു പല വാക്കുകളാലും[28] അവൻ സാക്ഷ്യം പറഞ്ഞു[29] അവരെ പ്രബോധിപ്പിച്ചു. 'ഈ [വക്രതയുള്ള[30]] തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു!'" (2:40). "ഈ ധവക്രതയുള്ളപ തലമുറ" എന്നതു യേശുവിനെ നിഷേധിച്ച യെഹൂദന്മാരെ ഉദ്ദേശിച്ചത്.[31] വീണ്ടും അവർക്കു തിരഞ്ഞെടുക്കാനുള്ള അവസരം: ഒന്നുകിൽ ദൈവത്തെ നിഷേധിച്ച് "വക്രതയുള്ള തലമുറയോടുകൂടെ" കഴിയാം. അല്ലെങ്കിൽ അവരിൽ നിന്നു പുറത്തു വന്നു ദൈവത്തെ സ്വീകരിക്കൂ.[32] തീരുമാനം അവരുടേതായിരുന്നു. "രക്ഷിക്കപ്പെടുവിൻ" എന്നതു മൂലഭാഷയിൽ ഒഴിച്ചുകൂടാനാവാത്തതാണ്; അതു അനുസരിക്കേണ്ട കല്പനയായിരുന്നു; *അവർ* ചെയ്യേണ്ടതു തന്നെയായിരുന്നു.[33]

ജനക്കൂട്ടത്തിനു അവരുടെ പാപങ്ങൾ ബോധ്യമായി അവർ നിലവിളിച്ചു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" അവർ ചോദിച്ചതോ *ചെയ്യേണ്ടതോ* അവർക്കുറപ്പുള്ള വാക്കുകളല്ല. എന്നാൽ പത്രോസ് പറഞ്ഞതു അവർ ചെയ്യണം. നമുക്കറിയാം ചില വ്യക്തികൾ പാപത്തെക്കുറിച്ചു ബോധ്യപ്പെട്ടാലും, അവരുടേതായ ജീവിതസമർപ്പണകാര്യം വരുമ്പോൾ, വിലകൊടുക്കാൻ തയ്യാറാകുകയില്ല. അതുകൊണ്ട്, അടുത്ത വാക്ക് വായിക്കുവാൻ എത്ര സന്തോഷം: "ആകയാൽ പിന്നെ, അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു [വെള്ളത്തിൽ മുങ്ങി]"[34] (2:41) മൂവായിരം പേർ യേശുവിനോടു "ഉവ്വ്" എന്നും തങ്ങളുടെ പഴയജീവിതത്തോട് "ഇല്ല" എന്നു പറഞ്ഞു!

സ്നാനമേല്പിൻ എന്ന കല്പനയിൽ ആ മൂവായിരം പേർക്കു പ്രശ്നം നേരിട്ടില്ല, ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ച ആർക്കും ഇല്ലായിരുന്നു. ബ്രൂസ് കുറിക്കുകയുണ്ടായി. "സ്നാനപ്പെടാത്ത വിശ്വാസി എന്ന ആശയത്തെ പുതിയ നിയമം സ്വീകരിച്ചിട്ടില്ല."[35] ഇന്നു, ചിലർ, സ്നാനം എന്ന കല്പനയിങ്കൽ ഇടറുന്നുണ്ട്. സ്നാനം ഒരു കൂദാശയാണെന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നതുകൊണ്ട് ആ വെറും ചടങ്ങുകൊണ്ട് അനുഗ്രഹം ലഭിക്കുന്നു എന്നു പറയുന്നു. ചില പ്രൊട്ടസ്റ്റന്റുകാർ അതിനു എതിർദിശയിലാണ് സ്നാനത്തിൽ അനുഗ്രഹമൊന്നും ഉൾപ്പെടു*ന്നില്ല*. "അതൊരു നല്ല കാര്യമാണ്," അതു, "ആന്തരിക ശുദ്ധിയുടെ ബാഹ്യമായ ഒരടയാളം മാത്രമാണത്" എന്നാണവരുടെ, വാദം. മതപരമായ സമുദായങ്ങൾ അധികവും സ്നാനം അവരുടെ വിഭാഗത്തോടു ചേരുന്നതിനുള്ള ഒരു ഉപാധിയായി വെച്ചിരിക്കയാണ്, അതിനെതിരായി, യേശു മഹത്തായ ആജ്ഞകൊടുത്തപ്പോൾ, അവൻ പറഞ്ഞു ഒരാൾ രക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ, അയാൾ വിശ്വസിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്യണം (മർക്കൊസ് 16:16) മഹത്തായ ആജ്ഞ നടപ്പിലാക്കി, പത്രോസ്, ദൈവാത്മാവിൽ, ശ്രോതാക്കളോടു പറഞ്ഞു, "പാപങ്ങളുടെ മോചനത്തിനായി" സ്നാനമേല്പിൻ (2:38).

"നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി" എന്ന വാക്കുകളുടെ ശക്തിയിൽ ഇതിനു ഒഴിഞ്ഞു മാറുവാനുള്ള ശ്രമങ്ങൾ ധാരാളം നടത്തിന്നിട്ടുണ്ട്.[36] സാധാരമ വാദിക്കുന്നതു ഇംഗ്ലീഷിൽ "ഫോർ" എന്ന വാക്കിനു "കാരണം" അല്ലെങ്കിൽ "തൻ നിമിത്തം" എന്നെല്ലാം അർത്ഥമുണ്ട് എന്നു പറഞ്ഞുകൊണ്ടാണ്.[37] ഈ വ്യാഖ്യാനമനുസരിച്ച് പെന്തെകൊസ്തു നാളിൽ സ്നാനമേറ്റ യെഹൂദന്മാർ *അതിനുമുൻപു* പാപക്ഷമ നേടിയിരിക്കണം ഇതു അസാധാരണ വ്യാഖ്യാനം തന്നെ: വ്യണപ്പെട്ടവരാണ് പത്രോസിനോട് ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചതു. പാപം ക്ഷമിച്ചു കിട്ടിയതു*കൊണ്ടാണെങ്കിൽ* പാപമോചനത്തിനായി എന്നു പറയുകയില്ലല്ലൊ?!

ഇംഗ്ലീഷ് വാക്കായ "ഫോർ" എന്നതിനു അർത്ഥം "കാരണത്താൽ" എന്നുണ്ടെന്നത് ശരിയാണ്. എന്നാൽ ഗ്രീക്കുവാക്കു "ഫോർ" എന്നത് തർജ്ജിമചെയ്തിരിക്കുന്നത് അങ്ങനെ രണ്ടർത്ഥത്തിലല്ല. ഗ്രീക്കുവാക്കായ പ്രിപൊസിഷൻ *eis* എന്നാണ്, അതിന്റെ അർ ത്ഥം "ഇൻടു"[38] അല്ലെങ്കിൽ "അൺടു" എന്നാണ്. ഗ്രീക്കു പ്രിപ്പൊസിഷൻ, മനസിലാക്കുവാൻ അടിസ്ഥാനമായി അവ രണ്ടും ഒരു വൃത്തത്തോടു ബന്ധപ്പെട്ടിരി*ക്കുന്നു* എന്നാണ്. *eis* ന്റെ പ്രവൃത്തി വൃത്തത്തി*ലേക്കു* ഒരു "ആരോ" പോകുന്നതുപെലെയാണ്. *പുതിയ നിയമഗ്രീക്കുപുസ്തകത്തിൽ,* eis: ന്റെ ഉപയോഗത്തെ രസകരമായി ചിത്രീകരിച്ചിട്ടുണ്ട്, ഒരാൾ സിംഹത്തിന്റെ വായിലേക്കു പോകുന്നു, അയാളുടെ അരക്കു താഴെയുള്ള ഭാഗം സിംഹത്തിന്റെ പുറത്തു തന്നെ![39] അതേ ബുക്കിൽ പറയുന്നതു "*eis* (ഇൻടു) ഉപയോഗിച്ചിരിക്കുന്നതു [ദി] അക്കുസേറ്റി [കെയ്സ്] സെൻസിൽ മാത്രമാണെന്നാണ്"[40] കാരണം "[ദി] അക്കുസേറ്റീവ് [കെയ്സ്] അർത്ഥം *മോഷൻ ടുവേഡ്സ്*"[41] (എംഫസിസ്മൈൻ). അതുകൊണ്ട് തർജ്ജിമക്കാർക്കു പ്രവൃത്തി 2:38-ലെ *eis* എന്നതു വാക്കു പരിഭാഷപ്പെടുത്തുവാൻ പ്രയാസമില്ലായിരുന്നു. ചില തർജ്ജിമക്കാർ ഈ "മോഷൻ ടുവേഡ്സ്" എന്നത് ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി, അമേരിക്കൻ സ്റ്റാൻഡാർഡ് വെർഷൻ പറഞ്ഞിരിക്കുന്നതു: "പാപമോചനത്തിനുവേണ്ടി" എന്നാണ്.[42] "പാപമോചനത്തിലേക്കു"[43] എന്നും. നിങ്ങളുടെ "പാപങ്ങൾ ക്ഷമിച്ചു കിട്ടേണ്ടതിനെന്നും"[44] "*അങ്ങനെ നിങ്ങൾ* പാപങ്ങൾ മോചിക്കപ്പെടേണ്ടതിന്നും"[45] എന്നെല്ലാം പരിഭാഷക്കാർ തർജ്ജിമ ചെയ്തിട്ടുണ്ട്.

പ്രവൃത്തി 2:38-ലെ "പാപങ്ങളുടെ മോചനത്തിനായി" എന്ന വാക്കിന്റെ ഗ്രീക്കു പദപ്രയോഗത്തിന്റെ ശരിയായ അർത്ഥം മനസിലാക്കുവാൻ ഇതേപദങ്ങൾ മറ്റു വേദഭാഗങ്ങൾ നോക്കുകയാണ് ഏറ്റവും നല്ല മാർഗ്ഗം (മത്തായി 26:27, 28; എംഫസിസ്മൈൻ). ഉയിർത്തെഴുന്നേറ്റശേഷം അവൻ ഭാവിയെക്കുറിച്ചു വീണ്ടും പറഞ്ഞു, "അവന്റെ നാമത്തിൽ മാനസാന്തരവും *പാപമോചനവും* യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കോസ് 24:47; എംഫസിസ്മൈൻ). ഈ വലിയ സംഭവം പ്രവൃത്തി 2-ൽ നിറവേറി, "ഓരോരുത്തൻ മാനസാന്തരപ്പെട്ടു, നിങ്ങളുടെ *പാപങ്ങളുടെ മോചനത്തിനായി* സ്നാനമേല്പിൻ" (വാക്യം 38;

എംഫസിസ് മൈൻ).[46] "പാപമോചനം" എന്ന ഗ്രീക്കു വാക്കിനുശേഷമാണ് ലശെ എന്ന പ്രിപ്പോസിഷൻ ഗ്രീക്കിലും ഇംഗ്ലീഷിലും ഉപയോഗിച്ചിരിക്കുന്നത്, ഓരോ വേദഭാഗത്തിലും.

കോടതിയിൽ കുറ്റവാളിയായി പിടിക്കപ്പെട്ട ആളുകളുടേയും, സംഭവസ്ഥലത്തുനിന്നു കിട്ടിയ വിരലടയാളവും രണ്ടും പരിശോധിച്ചു, വ്യത്യാസമുണ്ടോ എന്നു കോടതി വിലയിരുത്തും. അതുപോലെ നമു ക്കു മൂന്നു ഗ്രീക്കുവേദഭാഗങ്ങളിൽ ഈ പദപ്രയോഗം നടത്തിയിരിക്കുന്നു ഒത്തു നോക്കിയാൽ അതിന്റെ എല്ലാം അടിസ്ഥാന അർത്ഥം ഒന്നു തന്നെ എന്നു തെളിയും. കൊയിനെ ഗ്രീക്ക് നിങ്ങൾക്ക് അറിഞ്ഞുകൂടാ എങ്കിലും അടിസ്ഥാനപരമായി ഒന്നുതന്നെയാണെന്ന് കാണാം:

മത്തായി 26:28: യേശുവിന്റെ രക്തം ചൊരിഞ്ഞു
ειζ αφεσιν αμαρτιων
(അക്ഷരികമായി, പാപങ്ങളുടെ മോചനത്തിന്).

ലൂക്കൊസ് 24:47: മാനസാന്തരം പ്രസംഗിക്കണം
ειζ αφεσιν αμαρτιων
(അക്ഷരികമായി, പാപങ്ങളുടെ മോചനത്തിന്).

പ്രവൃത്തി 2:38: മാനസാന്തരപ്പെട്ടു സ്നാനമേല്പിൻ
ειζ αφεσιν των αμαρτιων υμων
(അക്ഷരികമായി, പാപങ്ങളുടെ മോചനത്തിന്).[47]

ഒരു വേദഭാഗത്തെ വ്യാഖ്യാനിയ്ക്കാനുള്ള അടിസ്ഥാന തത്വം "സാധാരണ, ഒരു വേദഭാഗം എടുക്കുക മറിച്ചല്ലെങ്കിൽ സ്വാഭാവിക അർത്ഥമായിരിക്കും" ഈ കാര്യത്തിൽ, "സാധാരണ, സ്വാഭാവികമായ, അർത്ഥത്തിലാണ്" 2:38 മാനസാന്തരത്തിന്റെയും സ്നാനത്തിന്റെയും ഉദ്ദേശം പാപമോചനം കിട്ടുവാനാണെന്ന് തെളിയിക്കുന്നു. മറിച്ചുള്ള ഈ വേദഭാഗത്തിന്റെ വ്യാഖ്യാനം ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയിലുള്ള സ്നാനത്തിന്റെ ഉദ്ദേശം വ്യക്തമാക്കാത്ത വേദശാസ്ത്രപരമായ കുഴപ്പത്തിന് "നിർബന്ധിക്ക" മാത്രമാണ് ചെയ്യുന്നത്.

സ്നാനത്തെ ദൈവപദ്ധതിയിൽ നിന്ന് എടുത്തുമാറ്റുന്ന മറ്റു പ്രസ്താവനകൾ നമുക്ക് പലപ്പോഴും ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ട്,[48] എന്നാൽ നാം ഈ വിശയത്തെ സംബന്ധിച്ച് നാം മതിയായത്ര സമയം ചെലവിട്ടു. പത്രോസ് തന്റെ കേൾവിക്കാരോട് സ്നാനം കല്പിച്ചപ്പോൾ, അവർ – ഇന്ന് ചിലർ ചെയ്യുന്നതിന് വിപരീതമായി – മടിച്ചില്ല, സ്നാനം ആവശ്യമാണോ അല്ലയോ എന്നു തർക്കിച്ചില്ല, നീട്ടിവെച്ചില്ല. പകരം (കെജെവിയുടെ പദപ്രയോഗം ഉപയോഗിക്കാൻ), "അവന്റെ വാക്ക് *സന്തോഷത്തോടെ* കൈകൊണ്ടവർ സ്നാനം ഏറ്റു" – ആകെ മുവായിരം പേർ!

**ഉടനെ ക്രിസ്തുവിനെ അനുസരിച്ചുകൊണ്ട് (2:41)**

41-ാം വാക്യത്തിന്റെ അവസാനഭാഗം നാം ശ്രദ്ധിച്ചില്ല: "... *അന്നു* മൂവായിരത്തോളം ആത്മാക്കൾ ചേർക്കപ്പെട്ടു" (എംഫസി സ്മൈൻ). എന്തു ചെയ്യണമെന്ന് അവർ മനസിലാക്കിയപ്പോൾ, അവർ ഉടനെ അതു ചെയ്തു! അവരുടെആത്മാക്കൾ നഷ്ടത്തി ലായിരുന്നു. നിത്യ തുല്യരായിരുന്നു. സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് അവർ തങ്ങളുടെ കർത്താവിനെ അനുസരിക്കാൻ തീരുമാനിച്ചു. എന്തു ചെയ്യണമെന്നു *നിങ്ങൾ* അറിഞ്ഞാൽ, വെച്ചു താമസിപ്പിക്കരുത്!

**ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെട്ടു കൊണ്ട് (2:41, 47)**

41-ാം വാക്യം, വിട്ടു പോകുന്നതിനു മുമ്പ് സ്നാനപ്പെട്ടവർക്കു എന്തു സംഭവിച്ചു എന്നു നോക്കി അടിവരയിടണം: "... അന്നു മൂവാ യിരം ആത്മാക്കൾ *ചേർക്കപ്പെട്ടു*[49]" (എംഫസിസ്മൈൻ). 47-ാം വാക്യം പറയുന്നതു "കർത്താവു ദിനമ്പ്രതി രക്ഷിക്കപ്പെട്ടവരെ അവരുടെ സംഖ്യയോടു ചേർത്തു കൊണ്ടിരുന്നു." പാശ്ചാത്യ ഭാഗത്തു,[50] നിന്നു അതിന്റെ സൂചന എടുത്തു കൊണ്ട് KJV പറയുന്നു. "കർത്താവു ദിവസവും രക്ഷിക്കപ്പെടുന്നവരെ *സഭയോടു* ചേർത്തു കൊണ്ടിരുന്നു എന്നാണ്" (എംഫസിസ്മൈൻ). അധികം തർജ്ജിമക്കാരും, "ദിചർച്ച്" എന്നു പറഞ്ഞിട്ടില്ല. എന്നാൽ സന്ദർഭം വ്യക്തമാക്കുന്നതു രക്ഷിക്കപ്പെട്ടവർ ആ സഭയിലേയ്ക്കാണ് ചേർക്കപ്പെട്ടത്. ഒരു കമന്റേറ്റർ പറയുന്നതു, "കർത്താവു പുതുതായി പരിവർത്തനം ചെയ്യപ്പെട്ടവരെ സഭയോടു ചേർത്തു കൊണ്ടിരിക്കുന്നു എന്നതും ഈ ഭാഗത്തുൾപ്പെടു ത്തിയിരിക്കുന്നു എന്നു പറഞ്ഞത്."[51]

പത്രൊസ് യേശുവിനെ ഏറ്റു പറഞ്ഞപ്പോൾ (മത്തായി 16:16), അവൻ പത്രൊസിനു "രാജ്യത്തിന്റെ താക്കോൽ" നല്കി (മത്തായി 16:19), അതായതു, രാജ്യത്തിന്റെ/സഭയുടെ വാതിൽ പ്രവേശിക്കുന്ന തിനു ആളുകൾക്കു ആദ്യമായി തുറന്നു കൊടുക്കാനുള്ള അനുവാദം യേശു വാഗ്ദാനം ചെയ്തിരുന്നു. പെന്തകൊസ്തു നാളിൽ സംഭവിച്ചത് അതാണ്. സഭയിലേയ്ക്കുള്ള പ്രവേശന നിബന്ധനകൾ പത്രൊസ് പറഞ്ഞു. മൂവായിരം പേർ ദൈവ കൃപയുടെ നേട്ടം സ്വീകരിച്ചു! അവർ സ്നാനപ്പെട്ടപ്പോൾ, രക്ഷിക്കപ്പെട്ടു; രക്ഷിക്കപ്പെട്ടപ്പോൾ, ദൈവം അവരെ സഭയോടു ചേർത്തു!

41 മുതൽ 47 വരെയുള്ള വാക്യങ്ങളിൽ നിന്നു ധാരാളം സു പ്രധാന സത്യങ്ങൾ നമുക്കെടുക്കാം. ആദ്യം, നമുക്കു നിസ്സാരവും (ഗംഭീരവുമായ) നിർവ്വചനം സഭയെകുറിച്ചുണ്ട്: *രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ* - ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ! രക്ഷ യും സഭാഗത്വവും രണ്ടു രണ്ടായിട്ടാണ് ആളുകൾ പലപ്പോഴും സം സാരിക്കുന്നത്.[52] ഈ രണ്ടു വാക്യങ്ങളും നാം ശരിയായി പരിഗണി ച്ചാൽ, രണ്ടും ഒന്നു തന്നെ എന്നു തെളിയും!

ഈ വാക്യങ്ങൾ പഠിപ്പിക്കുന്നതു നാം സഭയോടു "ചേരുക യില്ല"; മറിച്ച്, സഭയോടു "ചേർക്കപ്പെടുകയാണ്" എന്നത്രെ ഈ വാക്യങ്ങൾ പഠിപ്പിക്കുന്നത്. ഇതു വെറും അർത്ഥ വിചാരമോ? അല്ല, പ്രധാനപ്പെട്ട

ബൈബിൾ തത്വം അപകടത്തിലാണ്. ഞാൻ ഒരു സംഘടനയോടു "ചേരുമ്പോൾ" അതിന്റെ ആവശ്യപ്പെടുന്ന നിബന്ധനകൾ പാലിച്ചു ഞാൻ ചേരുന്നു, അങ്ങനെ ആ സംഘടനയി ലെ അവകാശങ്ങൾ ഞാൻ *നേടി*യെടുക്കുന്നു, എന്നാൽ, സഭയിലെ അവകാശങ്ങൾ ചേർന്നു നേടിയെടുക്കാൻ സാദ്ധ്യമല്ല. ദൈവകൃപ യാൽ എന്നെ *രക്ഷിക്കുന്നവരാണ്* ആ ശരീരത്തിന്റെ ഭാഗമായി തീർ ന്നത്.[53] (ദൈവം ചേർക്കുന്നു; എന്ന ആശയം ഞാനിഷ്ടപ്പെടുന്നു: *നാം* ഇത് സ്വാഗതം ചെയ്യുന്നു!)

വേറെയും സത്യങ്ങൾ 41 മുതൽ 47 വരെയുള്ള ഭാഗത്തു നിന്നെടുക്കാം, പക്ഷെ ഞാൻ ഊന്നൽ കൊടുക്കുന്നതു നാം വചന പ്രകാരം സ്നാനമേലക്കുമ്പോൾ, ആത്മീയ കൂട്ടായ്മ എന്നറിയപ്പെടുന്ന "സഭ" യിലായി തീരുന്നു! നാം ആത്മീയമായി "കാത്തിരി ക്കുവാൻ" ദൈവം ഉദ്ദേശിച്ചിട്ടില്ല. പെട്ടെന്നോ ക്രമേണയോ, നമ്മെ ശക്തിപ്പെടു ത്തുവാൻ മറ്റുള്ളവരുടെ സഹായം നമുക്കാവശ്യമാണ്. നമ്മെ പണിതുയർത്തുന്നതിനു സഹായകമായ സംഘം രീതിയിലാണ് ദൈവം സഭ സ്ഥാപിച്ചു നല്കിയിരിക്കുന്നത്![54]

രക്ഷയെ സംബന്ധിച്ച്, ഭൂതകാലം, വർത്തമാനകാലം, ഭാവി കാലം എന്നിവയെ കൈകാര്യം ചെയ്യേണ്ടവരാണ് നാമെല്ലാം: *കഴിഞ്ഞ* പാപങ്ങൾ നമ്മെ കുറ്റപ്പെടുത്തി പീഡിപ്പിക്കും; *ഭാവിയിൽ* എന്തും നേരിടുവാനുള്ള ശക്തി ലഭിക്കുമോ എന്നു നാം സംഭ്രമിക്കും. ആനുകാലിക വെല്ലുവിളികൾ നമ്മെ വിഴുങ്ങേണ്ടതിനു നമ്മെ ഭീഷണി പ്പെടുത്തിക്കൊണ്ടിരിക്കും. എല്ലാ ആവശ്യങ്ങളും ദൈവം മുൻ കണ്ടിട്ടുണ്ട്. നാം അനുതാപത്തോടെ വിശ്വസിച്ചു സ്നാനമേല്ക്കു മ്പോൾ, ദൈവ സഹായത്താൽ നമ്മുടെ കഴിഞ്ഞ പാപങ്ങൾ മോചിക്കപ്പെടുന്നു (പ്രവൃത്തി 2:38); ഭാവിയിൽ നമ്മെ സഹായിച്ചു ശക്തിപ്പെടുത്തേണ്ടതിനു പരിശുദ്ധാത്മാവിനെ നല്കി ദൈവം ആ കാര്യത്തിലും സഹായിക്കും (2:38); സ്നേഹിക്കുന്ന ഒരു ആത്മീയ കുടുംബത്തിലാകുന്നതോടെ വർത്തമാനകാല പ്രശ്നങ്ങൾ പരിഹരി ക്കാനുള്ള വഴിയും ദൈവം തരുന്നു (2:41, 47).[55]

**ഉപസംഹാരം**

പെന്തെകൊസ്തു നാളിൽ, യേശുവിനോടു പ്രതികരിച്ചവരും പ്രതികരിക്കാത്തവരും എന്നിങ്ങനെ ആ കൂട്ടത്തെ രണ്ടായി തിരിക്കാം: ജീവിതം കർത്താവിനായി സമർപ്പിച്ചവരും, അതിനു മനസ്സില്ലാത്ത വരും; വേറൊരർത്ഥത്തിൽ; പറഞ്ഞാൽ, രക്ഷിക്കപ്പെട്ടവരും നഷ്ടപ്പെട്ട വരും! യേശുതന്നെ ക്രിസ്തു എന്നു *നിങ്ങൾ* വിശ്വസിക്കുന്നുവോ? *നിങ്ങളുടെ* പാപങ്ങളുടെ മോചനത്തിനായി നിങ്ങൾ സ്നാനമേറ്റിട്ടു ണ്ടോ? യേശുക്രിസ്തുവിന്റെ സഭയിലേയ്ക്കു നിങ്ങളെ അവൻ ചേർത്തിട്ടുണ്ടോ? അങ്ങനെ അല്ലെങ്കിൽ, നിങ്ങൾ പ്രതികരിക്കാത്തവ രുടെ കൂട്ടത്തിലാണ്, തയ്യാറാകാത്തവർ, നഷ്ടപ്പെട്ടവർ! പ്രതികരി ക്കു ന്നവരിലേയ്ക്കു സമർപ്പിക്കുവാൻ, തയ്യാറാകാൻ, രക്ഷിക്കപ്പെടുവാൻ താമസിക്കരുത്!

## ദൃശ്യ - സഹായ കുറിപ്പുകൾ

“മാനസാന്തരം” എന്ന വാക്ക് ക്ലാസിൽ എടുക്കുമ്പോൾ, വിദ്യാർത്ഥികളോടു അതിനെ കുറിച്ചുള്ള അർത്ഥം ഏതെന്ന് അവരോട് ചോദിക്കാറുണ്ട്. അനേകരും പറഞ്ഞിട്ടുള്ളത്, “പാപത്തെ കുറിച്ചുള്ള ദു:ഖം” അല്ലെങ്കിൽ “ഒരാളുടെ ജീവിത മാറ്റം” എന്നാണ്. ഞാൻ താഴെ കൊടുക്കുന്ന രേഖാ ചിത്രം ബോധവൽക്കരിക്കാം:

| | | |
|---|---|---|
| പാപത്തിനായി ദൈവഹിത പ്രകാ രമുള്ള ദു:ഖം → | മാനസാന്തരം (പാപത്തെ സംബ ന്ധിച്ച മനസുമാറ്റം അഥവാ മനോഭാവ മാറ്റം) → | ജീവിതമാറ്റം |

കൃത്യമായി വിശദമാക്കി ഞാൻ പറയും, പാപത്തിനായുള്ള ദുഃഖം മാനസാന്തരമല്ല, പിന്നെയോ അതു മാനസാന്തരം *പുറപ്പെടുവി ക്കുന്നു.* പിന്നെ കർശനമായി തന്നെ പറയും, ജീവിതമാറ്റം മാനസാ ന്തരമല്ല, അതു മാനസാന്തരത്തിന്റെ *ഫലമാണ്.* മാനസാന്തരം കിടക്കു ന്നതു ഇവയ്ക്കു രണ്ടിനും ഇടയിലാണ്; അതു “(പാപത്തെ സംബ ന്ധിച്ച) മനസു മാറ്റം അഥവാ മനോഭാവമാണ്.” ഇതെല്ലാം പറഞ്ഞ ശേഷം, ഒരു വൃത്തം വരച്ച് അതിനു “മാനസാന്തരം!” എന്ന വിഷയ സൂചകവും നല്കും. ദൈവം മാനസാന്തരപ്പെടുവാൻ കല്പി ക്കുമ്പോൾ (ലൂക്കൊസ് 13:3; മുതലായവ), നമ്മുടെ ഹൃദയങ്ങളിലും ജീവിതത്തിലും ഇവ*യെല്ലാം* കാണ്മാൻ ആഗ്രഹിക്കുന്നു എന്നു ഊന്നി പറയും!




കോടതിയിലെ കുറ്റവാളിയുടെ വിരലടയളം ദൃശ്യമാക്കാവുന്നതാണ്. ഒരു വലിയ കാർഡിൽ, രണ്ടു വിരലടയാളം എടുത്തു (നിങ്ങൾക്ക് ഒരു ഫോട്ടോസ്റ്റാറ്റ് മിഷ്യൻ ഉണ്ടെങ്കിൽ നിങ്ങളുടെ കൈവിരൽ പാട് ഇങ്കിൽ നിന്ന് എടുത്ത് ഫോട്ടോസ്റ്റാറ്റിൽ വലുതാക്കി ഉപയോഗിക്കാം). രണ്ടാമതു ഒരു കാർഡിൽ, ഗ്രീക്കു ഗ്രന്ഥത്തിലെ മൂന്ന് വേദഭാഗം നാം കണ്ടതു പകർത്തിയെടുക്കുക (മത്തായി 26:28; പ്രവൃത്തി 2:38; ലൂക്കൊസ് 24:47), ഒരു ക്ലാസ്സ് റൂമിൽ കാണിക്കാവുന്ന വലുപ്പത്തിൽ അങ്ങനെ വിദ്യാർത്ഥികൾക്കു വായിക്കയും ചെയ്യാം.

## കുറിപ്പുകൾ

[1]എഡ്ഗാർ. ജെ. ഗുഡ് സ്പീഡ്, ദി ന്യൂ ടെസ്റ്റമെന്റ്: ആൻ അമേരിക്കൻ ട്രാൻസിലേഷൻ. ദി RSV യിൽ "ക്രിസ്തുവിന്റെ ഉപദേശം" എന്നാണ്. [2]"എങ്ങനെ മൂവായിരം പേർ രക്ഷിക്കപ്പെട്ടു!" എന്നാണ് അദ്ധ്യായം മൊത്തത്തിലു ള്ള വിഷയമെങ്കിൽ, ആദ്യത്തെ പോയിന്റ "ക്രിസ്തുവിനെക്കുറിച്ചു കേട്ടുകൊണ്ട് എന്നായിരിക്കണം (2:14-36)." [3]"ആത്മാവിന്റെ നേരിട്ടുള്ള പ്രവർത്തനം ലഭിച്ചപ്പോൾ, അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു," എന്നു വേദഭാഗം പറയുന്നില്ല, മറിച്ച്, "അവർ ഇതു *കേട്ടിട്ട്,*ഹൃദയത്തിൽ കുത്തുകൊണ്ടു" എന്നാണുള്ളത്. പരിശുദ്ധാത്മാവ് വചനത്തെ ഏല്ക്കയായിരുന്നു (വാക്ക്; എഫെസ്യർ 6:17). അപ്പൊസ്തലന്മാരിൽ കൂടെയായിരുന്നു എന്നു മാത്രം. [4]അമേരിക്കയിലെ സാധാരണ ഉപയോഗം "കട്ട് ടു ദി ഹാർട്ട്" എന്നാണ് (NIV യിൽ അതാണ്). [5]ദൈവത്തിനു എങ്ങനെ ഇതുൾപ്പെട്ട വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ ഇതു മുൻ കണ്ടുകൊണ്ട് മുന്നറിയിക്കുവാൻ കഴിയും എന്നതു നമ്മെ സംബന്ധിച്ചു വിഷമപ്രശ്നം തന്നെയാണ്. നാം ഇന്നു വിഷമിക്കുന്നതുപോലെ യെഹൂദന്മാർ അന്നു വിഷമിച്ചിരുന്നില്ല. "ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും" ഏല്പിച്ചു എന്നാണ് പത്രോസ് പ്രസംഗിച്ചത് (വാക്യം 23), അവന്റെ കേൾവിക്കാർക്ക് അതു മനസിലായി കുറ്റാരോപണത്തിൽ നിന്നു ഒരിക്കലും അവർക്കു ഒഴിവായതായിരുന്നില്ല (വാക്യം 37). (അങ്ങനെ അല്ലായിരുന്നെങ്കിൽ, "അവർ ഒന്നും *ചെയ്യേ*ണ്ടതില്ല, എന്നു പത്രോസു പറുയുമായിരുന്നു!") [6]പത്രോസ് "യിസ്രായേൽ ഗൃഹം ഒക്കെയും" അറിഞ്ഞുകൊള്ളട്ടെ എന്നാണ് പത്രോസ് പറഞ്ഞത്. പിന്നെ "*നിങ്ങൾ* ക്രൂശിച്ച ഈ യേശുവിനെ" എന്നാണ് പറഞ്ഞത്. ഏറ്റവും അടുത്തുള്ള ആളുകളെ മനസിലാ*ക്കാനാകാം* പത്രോസ് അങ്ങനെ പറഞ്ഞതു; എങ്കിലും, "യിസ്രായേൽ ഗൃഹം" മൊത്തത്തിൽ യേശു എന്ന മശിഹയെ തള്ളിക്കളഞ്ഞിരുന്നു. [7]"മാനസാന്തരം" എന്ന വാക്ക് ഗ്ലോസറിയിൽ നോക്കുക. [8]അപ്പൊസ്തലന്മാർ കല്പിച്ചതു ജലസ്നാനമായിരുന്നു (10:47, 48). [9]ഉദാഹരണമായി, ജാതികൾ യെഹൂദ മതത്തിലേക്കു പരിവർത്തനം ചെയ്യുമ്പോൾ, ആവശ്യപ്പെട്ടിരുന്നവയിൽ, ഔപചാരികസ്നാനവും ഉൾപ്പെട്ടിരുന്നു. [10]മത്തായി 3:6; യോഹന്നാൻ 3:23.

[11]യേശു ഒരിക്കൽ "യേശു ക്രിസ്തു" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (യോഹന്നാൻ 17:3); അതൊഴിച്ചാൽ, ഇതാണ് ബൈബിളിൽ പിന്നെ ആദ്യം പറയുന്ന ഭാഗം. [12]ആന്റണി ലീ ആഷ്, *ദി ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, പാർട്ട് 1, ദി ലിവിങ്ങ് വേഡ് കമെന്ററി, ed. എവറെറ്റ് ഫെർഗൂസൻ (അസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1979), 49. (എംഫസിസ് മൈൻ.) [13]നാം, "ക്രിസ്തുവിന്റെ നാമത്തിൽ" സ്നാനപ്പെടുക എന്നാൽ "ക്രിസ്തുവിന്റെ അധികാരത്തിൽ" സ്നാനപ്പെടുകയാണെന്നു പറയും. ക്രിസ്തു എന്ന "നാമത്തിൽ" അധികാരം അല്ലെങ്കിൽ ശക്തി *അടങ്ങുന്നു* (4:7, അവിടെ "നാമവും" "ശക്തിയും" മാറി മാറി ഉപയോഗിച്ചിട്ടുണ്ട്) നാമത്തിൽ അധികാരത്തേക്കാൾ കൂടുതൽ അടങ്ങുന്നു. [14]ചില പുരാതന കയ്യെഴുത്തു പ്രതിയിൽ *en* എന്നുണ്ട് ("in"), പക്ഷേ അധികവും *epi* ("on" ീ്യ "upon" ) എന്നാണ്. ദി സ്റ്റാൻഡേർഡ് ഗ്രീക്ക് ടെക്സ്റ്റ് ഉപയോഗിച്ചിരിക്കുന്നതു *epi* എന്നാണ്. [15]പത്രോസ് വെച്ച നിബന്ധനകൾ സ്വീകരിക്കുന്നതിലൂടെ ബന്ധത്തിൽ വ്യത്യാസം വരുന്നതിന്റെ സൂചനയുണ്ട്, എന്നാൽ "കാൾസ് ഓൺ [ഇൻവോക്സ്]" എന്ന് 21-ാം വാക്യത്തിലും "നാമത്തിൽ" എന്ന 38-ാം വാക്യത്തിലും യേശുവിനെ അവർ സ്നാനത്തിനു മുൻപ് ഏറ്റു പറയുന്ന വലിയ കാര്യവും ഉൾപ്പെട്ടിരിക്കു

ന്നു. നാം 8-ാം അദ്ധ്യായം, പഠിക്കുമ്പോൾ സ്നാനത്തിനു മുൻപ് ഏറ്റു പറയുന്നതു ആദ്യ സഭ പരിശീലനമാക്കിയിരുന്നു എന്നു കാണാം. [16]"കാൾസ് ഓൺ" "കാൾ അപ്പോൺ" എന്നാൽ വിളിച്ചപേക്ഷിക്കൽ എന്നർത്ഥം. ഈ വൈദഭാഗത്തിൽ മദ്ധ്യ ശബ്ദത്തിലാണ്; മദ്ധ്യ ശബ്ദം അർത്ഥമാക്കുന്നത് "ടു ഇൻവോക്ക്" എന്നാണ് "ഇൻവോക്ക്" എന്നണ് മാർഷലിന്റെ അക്ഷരിക ഇംഗ്ലീഷ് തർജ്ജിമയിൽ, 20-ാം നൂറ്റാണ്ട് പുതിയനിയമത്തിലും, ആംബ്ലിഫൈഡ് ബൈബിളിലും. [17]എഫ്. എഫ് ബ്രൂസ്, *ദി ബുക്ക് ഓഫ് ആക്സ്*, ദി ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദി ന്യൂ ടെസ്റ്റമെന്റ്, റെവ. ed. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു.എം.ബി. ഏർഡ് മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 70. [18]ഹോവാർഡ് മാർഷൽ, *ദി ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദി ടിൻഡെയിൽ ന്യൂ ടെസ്റ്റമെന്റ് കമന്ററീസ്, ജെൻ. ലറ. ഞ.ഢ.ഏ ടാസ്ക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ് മാർസ് പബ്ലിഷിങ്ങ് കമ്പനി., 1980), 81. [19]സ്നാനപ്പെടുന്നവർ "വെറും കല്പന അനുസരിക്കയല്ല," അപ്പോൾ ചെയ്യുന്നതു, ആയുഷ്ക്കാലം സമപ്പണമാണെന്നു തിരിച്ചറിയണം! [20]11:17 കൂടെ നോക്കുക, അവിടെ പരിശുദ്ധാത്മാവു സ്നാനത്തെ ഒരു "വരമായിട്ടാണ്" പറഞ്ഞിരിക്കുന്നത്.

[21]ആ സമയത്തു അപ്പൊസ്തലന്മാർ ഏഴു പുരുഷന്മാരുടെ മേൽ കൈവെച്ചു അവർക്കു പരിശുദ്ധാത്മാവിനാൽ അത്ഭുതശക്തി പ്രദാനം ചെയ്തു (6:6, 8; 8:6) . [22]ബ്രൂസ്, 71. [23]നമുക്കു പരിശുദ്ധാത്മാവിനെക്കുറിച്ചു അറിയാവുന്നതധികവും, പുതിയ നിയമത്തിൽ നിന്നാണ്. [24]യേശു പരിശുദ്ധാത്മാവിനെ കുറിച്ചു അപ്പൊസ്തലന്മാരോടു സംസാരിച്ചിരുന്നു, എന്നാൽ പുരുഷാരത്തിനു പരിശുദ്ധാത്മാവിനെ കുറിച്ചു ചുരുങ്ങിയ ഉപദേശം മാത്രമെ നല്കിയിരുന്നുള്ളൂ. [25]സുവിശേഷ പ്രസംഗത്തിലൂടെയാണ് ദൈവം ആളുകളെ വിളിക്കുന്നത് (2 തെസലോനിക്യർ 2:14). [26]"നിങ്ങളുടെ മക്കൾ" എന്ന പദപ്രയോഗം എടുത്തു ചിലർ ശിശുസ്നാനത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നുണ്ട്. "വാഗ്ദാനം," *മാനസാന്തരപ്പെട്ടു* സ്നാനപ്പെടുന്നവർക്കാണ്. അവർക്കാണ് പാപമോചവും പരിശുദ്ധാത്മാവ് എന്ന ദാനവും ലഭിക്കുന്നത്. ഒരു ശിശുവിന്നു മാനസാന്തരപ്പെടേണ്ട പാപമില്ല. മാനസാന്തരപ്പെടുവാനുള്ള കഴിവുമില്ല "നിങ്ങളുടെ മക്കൾക്കും" എന്നതു സൂചിപ്പിക്കുന്നതു ഈ വാഗ്ദാനം ഒരിക്കൽ മാത്രമുള്ളതല്ല, ഭാവിതലമുറക്കും ഉല്ളതാണെന്നാണ്. [27]ആ അത്ഭുതം പ്രവൃത്തി 10-ൽ സ്വർഗ്ഗത്തിൽ നിന്നു ഇറക്കികാണിച്ചു കൊടുത്ത കുട്ടയുടെ ദർശനം ആയിരുന്നു. ഈ സമയത്തു, പത്രോസ് പറഞ്ഞ "ദുരസ്ഥരായവർ" അവന്റെ ധാരണയിൽ ദൂരെയുള്ള *യെഹൂദന്മാരായിരുന്നു. ജാതികളും* ഈ സമയത്തു അവന്റെ മനസിൽ വരുന്നു എങ്കിൽ പരിഛേദന കഴിഞ്ഞു പരിവർത്തനം ചെയ്തു പുറജാതിക്കാരനാകേണ്ടിയിരുന്നു. [28]പത്രൊസിന്റെ പ്രസംഗത്തിന്റെ രത്ന ചുരുക്കമൊണ് നമുക്കുള്ളത്. [29]അക്ഷരികമായി, "അവൻ ഭയഭക്തി പുരസ്കരം സാക്ഷീകരിച്ചു." അതിനർത്ഥം, പ്രവർത്തി 2-ൽ രേഖപ്പെടുത്തിയിട്ടില്ലാത്ത തെളിവുകളും പറഞ്ഞിരിക്കും. കൂടുതൽ നല്കിയ തെളിവുകൾ എന്തായിരിക്കുമെന്ന് പ്രവർത്തികളുടെ പുസ്തകത്തിൽ അവന്റെ ശേഷിച്ച പ്രസംഗത്തിൽ നോക്കിയാൽ മനസിലാകും. [30]ഗ്രീക്ക് വാക്കിന്റെ അക്ഷരികമായ അർത്ഥം "വക്രതയുള്ള" എന്നാണ് (ലൂക്കൊസ് 3:5-ൽ വളഞ്ഞ റോഡിനെ സൂചിപ്പിച്ച് ഈ വാക്ക് പറഞ്ഞിട്ടുണ്ട്). ഇതേ വാക്ക് ഫിലിപ്പിയർ 2:15-ൽ ഉപയോഗിച്ചിരിക്കുന്നത് "വക്രതിയുള്ള" എന്നാണ്. (ഇത് ഗ്രീക്ക് വാക്കിന്റെ അർത്ഥമായ "തലതിരിഞ്ഞ" എന്നാണ്; രണ്ടും യോജിക്കുന്നു.)

[31]“തലതിരിഞ്ഞ,” “വക്രത” എന്നീ വാക്കുകൾ സൂചിപ്പിക്കുന്നത് അവർ *അത്മാർത്ഥതയുള്ളവരായിരുന്നെങ്കിൽ,* അവർ യേശുവിനെ തള്ളിക്കളയാതെ സ്വീകരിക്കുമായിരുന്നു! [32]“ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ” എന്നതിന്റെ അർത്ഥം/ഈ ദുഷിച്ച തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നാണ്. ഏതാണ്ട് നാല്പതു വർഷങ്ങൾക്കു ശേഷം സംഭവിക്കാനിരിക്കുന്ന യെരുശലേം നാശത്തെക്കുറിച്ചാണ് ഇവിടെ പറയുന്നതെന്നു ചിലർ വിശ്വസിക്കുന്നു. അന്നാളിൽ യെഹൂദന്മാർ നശിച്ചുപോയപ്പോൾ ക്രിസ്ത്യാനികൾ യേശുവിന്റെ മുന്നറിയിപ്പു വിശ്വസിച്ചതുകൊണ്ട് “രക്ഷിക്കപ്പെട്ടു” എന്നതു വാസ്തവമാണ് (മത്തായി 24), റോമാക്കാർ വന്നപ്പോഴേക്കും അവർ, ഓടിപോയി. പത്രോസിന്റെ, മനസിൽ ഗൗരവമായ ചിന്തയുണ്ടായിരുന്നു എന്നു തോന്നുന്നു: “നിത്യനരകം ലക്ഷ്യമാക്കി – ജീവിക്കുന്ന വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറയുന്നു!” [33]ചിലർ രക്ഷക്കുവേണ്ടി നാം ഒന്നും ചെയ്യേണ്ട ദൈവം എല്ലാം ചെയ്യും എന്നു പറയുന്നതുകൊണ്ട, “രക്ഷിക്കപ്പെടുവിൻ” എന്നതു ഊന്നിപ്പറയണം. KJV യും NIV യും “നിങ്ങളെത്തന്നെ രക്ഷിക്കുവിൻ” എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ കല്പനയുടെ തള്ളിക്കയറ്റം കാണുന്നു. [34]മുങ്ങൽ സ്നാനത്തിനു പകരം തളിക്കൽ എടുക്കുന്നവർ പറയുന്നതു അന്നു മൂവായിരം പേർ മുങ്ങി സ്നാനപ്പെടുവാൻ യെരുശലേമിൽ അത്രക്കു വെള്ളമില്ലായിരു ന്നു എന്നാണ്. അതുകൊണ്ട് സ്നാനം മുങ്ങലിനു പകരം തളിക്കൽ മതി എന്നാണ്. ജെ.ഡബ്ല്യു. മെക്ക്ഗാർവെ എഴുതി, യെരുശലേമിൽ ധാരാളം കുളങ്ങൾ ഉള്ളതുകൊണ്ട് മൂവായിരം പേരെ അന്നു സ്നാനപ്പെടുത്തുവാൻ ഒരു പ്രശ്നവുമില്ലായിരുന്നു എ ന്നാണ്. (ജെ.ഡബ്ല്യു. മെക്ഗാർവേ, *ന്യൂ കമന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 1 [ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., nd.], 42–45). [35]ബ്രൂസ്, 70. [36]ചിലർ പറയുന്നതു “മാനസാന്തരപ്പെട്ട” എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത് രണ്ടാമതൊരാൾ ചെയ്യേണ്ട ബഹുവചന രൂപത്തിലും “സ്നാനപ്പെടുവിൻ'' എന്നതു മൂന്നാമതൊരാൾ ചെയ്യേണ്ടതായ ഏക വചനത്തിലുമാണ് “ഇതിനർത്ഥം,” അവയിൽ, “രണ്ടു കല്പനകളും ഒരേ ഉദ്ദേശത്തിനല്ലായ്കയാൽ വേർപെടുത്തണം. മാനസാന്തരം പാപമോചനം എന്ന ഫലം പുറപ്പെടുവിക്കുന്നു, സ്നാനമോ അടയാളമായി വേണമെങ്കിൽ ചെയ്യാവുന്നതുമത്രെ. എന്നാൽ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, അത് ആലങ്കാരികമായ പ്രവൃത്തിയെക്കാൾ വലുതാണ്” എങ്ങനെയായാലും, പ്രവർത്തി 2:38–ൽ പറഞ്ഞിരിക്കുന്ന രണ്ടു വാക്യം എല്ലാവർക്കും ഒരേ ഉദ്ദേശത്തോടെ പറഞ്ഞിരിക്കുന്നതും, പൊതുവായതുമാണ്. വ്യാത്യസ്തമായ ഉദ്ദേശങ്ങൾക്കായിട്ടല്ല. പത്രോസ് തന്റെ കേൾവിക്കാരോട് മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപത്തിനായി സ്നാനമേല്പിൻ എന്നാണ് പറഞ്ഞത് – പത്രോസ് സ്നാനം കല്പിക്കുന്നതുവരെ പാപമോചനം അവർ ആഗ്രഹിച്ചിരുന്നില്ല. കൂടുതൽ പഠനത്തിനായി ജിമ്മി അലെൻ, *സർവ്വെ ഓഫ് ആക്സ്,* വാല്യം 1 (സേർസി, ആർക്.: ബൈ ദി ആദർ, 1986), 35–37 നോക്കുക. [37]വാരൺ ഡബ്ല്യു. വിയേഴ്സ് ഡേ, *ദി ബൈബിൾ എക്സ്പോഴ്സിറ്ററി കമന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 410. [38]ഉദാഹരണമായി, *ദി അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, 1971), 119. [39]ഡി. എഫ്. ഹഡ്സൺ, *ടീച്ച് യുവർ സെൽഫ് ന്യൂ ടെസ്റ്റമെന്റ് ഗ്രീക്ക്* (ലണ്ടൻ: ഇംഗ്ലീഷ് യൂണിവേഴ്സിറ്റി പ്രെസ്, 1960), 111. [40]ഗ്രീക്കിലെ ആക്കുസേറ്റീവ് കെയിസിനെ നാം ഇംഗ്ലീഷിൽ “ഡയറക്ട് ഓബ്ജക് റ്റീവ്” എന്നു പറയുന്നു.

[41]ഹഡ്സൺ, 105. [42]ദി ന്യൂ ടെസ്റ്റമെന്റ് ഓഫ് അവർ ലോഡ് ആന്റ് സേവ്യർ ജീസ് ക്രൈസ്റ്റ് (ജോൺ ബ്രോഡസിന്റേയും മറ്റും തർജ്ജിമകൾ) ഒരേ തർജ്ജിമകളാണ് എല്ലാ തർജ്ജിമകളിലും കൊടുത്തിരിക്കുന്നത്: "മൈൻ" എന്നതിനാണ്. [43]ജെ. ബി. റോദെരാം ദി എംഫസിസ് ന്യൂ ടെസ്റ്റമെന്റ്. എ. ന്യൂ ട്രാൻസിലേഷൻ. [44]എഡ്ഗാർ. ജെ. ഗുഡ്സ്പീഡ്, ദി ന്യൂ ടെസ്റ്റമെന്റ്: ആന്റ് ട്രാൻസിലേഷൻ. [45]ജി. ബി. ഫിലിപ്സ്, ദി ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ് ചാൾസ്. ബി. വില്ല്യംസ് ട്രാൻസിലേഷൻ (ദി ന്യൂ ടെസ്റ്റമെന്റ്: എ. ട്രാൻസിലേഷൻ ഇൻ ദി ലാങ്ങ്ഗേജ് ഓഫ് ദി പീപ്പിൾ) ഒരേ വാക്കുകളാണ് നല്കുന്നതു. [46]ഈ സന്ദേശങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ടെന്നു ചിലർ വിചാരിച്ചേക്കാം: "ഏതാണ് രക്ഷിക്കുന്നതു?" മനുഷ്യന്റെ അനുസരണമാണോ ഈ വേദഭാഗങ്ങൾ വിപരീതമല്ല, മറിച്ച് ആശംസാവഹമാണ്. മത്തായി 26:28 പറയുന്നതു *എന്താണ്* നമ്മെ പാപത്തിൽ നിന്നു ശുദ്ധീകരിക്കുന്നതെന്ത് – യേശുവിന്റെ രക്തമാണ് ലൂക്കൊസ് 24:47 ഉം പ്രവൃത്തി 2:38 ഉം പറയുന്നു. *എപ്പോഴാണ്* യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ ശുദ്ധീകരിക്കുക എന്ന് – നാം മാനസാന്തരപ്പെട്ട് സ്നാനമേല്ക്കുമ്പോൾ. [47]നിങ്ങൾ KJV യോ NIV യോ ഉപയോഗിക്കുന്നുവെങ്കിൽ, മത്തായി 26:28 ഉം പ്രവൃ ത്തി 2:38 ഉം താരതമ്യം ചെയ്യുവാൻ ഉപയോഗിക്കാം, കാരണം ഈ ഗ്രീക്ക് പദപ്രയോഗം കെജെവി യിലും എൻഐവി യിലും ലൂക്കൊസ് 24:47 തർജ്ജിമ ചെയ്തിരിക്കുന്നു "ഫോർഗിവ്നെസ് ഓഫ് സിൻ" എന്നതിനു പകരം "റെമിഷൻ ഓഫ് സിൻസ്" എന്നാണ്. [48]സ്നാനത്തിനെതിരായി ഉന്നയിക്കുന്ന കാരണം "രക്ഷ വിശ്വാസത്താലാണ്, പ്രവൃ ത്തികളാലല്ല" എന്നതാണ് (എഫെസ്യർ 2:8, 9; റോമർ 4), സ്നാനം "പ്രവൃത്തി," യായ തു കൊണ്ട്, രക്ഷക്കു പ്രവൃത്തി ആവശ്യമില്ലാത്തതുകൊണ്ട്. ഈ കാരണം ഉന്നയിക്കുന്നവർ പരാജയപ്പെടുന്നത് അവർ അനുസരണപ്രവൃത്തിയും യോഗ്യതാപ്രവൃത്തിയും വേർതിരിച്ചു കാണിക്കാതിരിക്കുന്നതാണ്. തിരുവെഴുത്തിൽ ഉടനീളം രക്ഷിക്കപ്പെടുവിൻ കർത്താവിനെ അനുസരിക്കണം എന്നു ഊന്നി പറയുന്നുണ്ട് (മത്തായി 7:21; എബ്രായർ 5:9). സ്നാനപ്പെടുമ്പോൾ നാം രക്ഷ നേടുകയാണെന്നു ആരും പറയുന്നതു ഞാൻ കേട്ടിട്ടില്ല. മറിച്ച് ദൈവം ചെയ്യാൻ പറഞ്ഞതു നാം *ചെയ്യുന്നേയുള്ളൂ*. "ബിബാപ്റ്റൈ സ്ഡ്" എന്നതു *ആക്ടീവ്* വോയിസല്ല, *പാസീവ്* വോയിസാണ്. നാം സ്നാനത്തിനു (മുങ്ങൽ) നമ്മെ അനുവദിക്കുമ്പോൾ വിശ്വസിക്കയും, യേശുവിനെ ഏറ്റു പറയുകയും, ചെയ്യുമ്പോഴുള്ള "പ്രവൃത്തി" യേക്കാൾ ലളിതമായി പ്രവൃത്തിക്കയാണ് ചെയ്യുന്നത്. [49]KJV യിലുള്ളത് "അൺ ടു ദെം" എന്ന ചരിച്ചെഴുത്താണ്. (തർജ്ജിമക്കാർ ചേർത്തതാണെന്ന സൂചന നല്കുന്നു); ചകഢയിലുള്ളത് "അവരുടെ എണ്ണത്തോട്," എന്നാണ്. ആ വാക്കുകൾ മൂലഭാഷയിൽ ഉള്ള വേദഭാഗത്തിലില്ല. "ചേർത്തു" എന്നതു മൂവായിരം പേർ സഭയോടു "ചേർക്കപ്പെട്ടു" സഭയിൽ ആയി തീരുന്നവരെല്ലാം എങ്ങനെയാ യാലും "ചേർക്കപ്പെട്ടത്" സഭയിലേക്കാണ്. 41–ാം വാക്യമനുസരിച്ച് അവർ "ചേർക്കപ്പെട്ടതു" *അപ്പൊസ്തലന്മാരോടും* സഭയിലെ "മറ്റു ക്രിസ്തീയ അംഗങ്ങളോടും." [50]വരാനിരിക്കുന്ന പ്രവൃത്തി മൂന്നാം ലക്കത്തിലെ "ഈ പരമ്പരകളിൽ ഉപയോഗിച്ച കുറിപ്പുകൾ" എന്ന ലേഖനത്തിൽ ഉണ്ടാകും.

[51]സൈമൺ ജെ. കിസ്റ്റമെക്കർ, *എക്സ് പൊസിഷൻ ഓഫ് ദി ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, ന്യൂ ടെസ്റ്റമെന്റ് കമന്ററി (ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990), 114. [52]നാമധേയ വിഭാഗങ്ങൾ മനസിലുള്ളവരാണ് സാധാ

രണ അങ്ങനെ ചെയ്യുന്നത്. രക്ഷിക്കപ്പെടുകയും സഭയുടെ ഭാഗം അകാതിരിക്കാനും കഴിയുകയില്ല. [53]സർവ്വദേശീയ സഭയും പ്രാദേശിക സഭയും തമ്മിലുള്ള വ്യത്യാസം നാം നോക്ക ണം കർത്താവ് എന്നെ സാർവ്വദേശീയ സഭയോടു ചേർത്തു കഴിഞ്ഞാൽ, ഞാൻ വിശ്വസ്തമായ പ്രാദേശിക സഭ കണ്ടെത്തി അതിൽ "അംഗത്വം സ്വീകരിച്ചു" ദൈവജനവുമായി ചേർന്നു ജീവിക്കണം പ്രവൃത്തി 9:26–ൽ ഇതിന്റെ വിശദ ചർച്ചയുണ്ട്. [54]ആനുകാലിക പ്രയോഗങ്ങൾ ചേർക്കാം: "പിന്താങ്ങുന്ന നടപടി" യായി "ആത്മിയമായി – പണിയുന്ന" ബന്ധത്തിലുള്ള ശൃംഖലയാണ്. [55]ദൈവം മുൻ കാണുകയും ചെയ്ത നമ്മുടെ ആത്മീയാവശ്യങ്ങൾ ഇതു മാത്രമല്ല, എന്നാൽ പ്രവൃത്തികളുടെ പുസ്തകം 2 അദ്ധ്യായത്തിൽ ദൈവം നല്കുന്ന പ്രധാനപ്പെട്ട മൂന്നു വഴികളാണിത്.